"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - ഇടുക്കി ജില്ലയിൽ PMJVK പദ്ധതി പ്രകാരം മൾട്ടിപർപ്പസ് ഔട്ട്ഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന ആവശ്യത്തിന് ആലക്കോട് വില്ലേജിലെ 93.80 ആർസ് സ്ഥലം പരിവർത്തനപ്പെടുത്തുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(എൻ.സി.എ.)വകുപ്പ്**

**സ.ഉ.(കൈ) നം.56/2024/AGRI തീയതി,തിരുവനന്തപുരം, 22-06-2024**

---

പരാമർശം:- 1. ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം.നം.2 അപേക്ഷ ഉളളടക്കം ചെയ്ത ആലക്കോട് കൃഷി ഓഫീസറുടെ 28.11.2023-ലെ എ.കെ.ഡി-18/2023 നമ്പർ കത്ത്.

2. 11.03.2024-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്ക് ആലക്കോട് വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 32 ൽ റീസർവ്വേ നം. 21/2 ൽ 37.10 ആർസ്, 21/4 ൽ 27.40 ആർസ്, 21/5 ൽ 29.30 ആർസ് ഉൾപ്പെടെ ആകെ 93.80 ആർസ് സ്ഥലം PMJVK പദ്ധതി പ്രകാരം മൾട്ടിപർപ്പസ് ഔട്ട്ഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന ആവശ്യത്തിന് പരിവർത്തനപ്പെടുത്തുന്നതിനായി ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 11.03.2024-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊളളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"ഇടുക്കി ജില്ലയിൽ ആലക്കോട് വില്ലേജിലെ BTR ലെ റിമാർക്സിൽ ബ്ലോക്ക് പഞ്ചായത്ത് കളി സ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വർഷങ്ങളായി കളിസ്ഥലമായി ഉപയോഗിക്കുന്നതുമായ സർവ്വേ 21/2, 21/4, 21/5 എന്നിവയിൽപ്പെട്ട 93.80 ആർസ് ഭൂമിയിൽ PMJVK പദ്ധതി പ്രകാരം മൾട്ടിപർപ്പസ് ഔട്ട്ഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ, പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2ആറിൽ അധികമായതിനാൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 6(2) പ്രകാരം പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പരിവർത്തനം ചെയ്യുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥയിൽ ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്ക് ആലക്കോട് വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 32 ൽ റീസർവ്വേ നം. 21/2 ൽ 37.10 ആർസ്, 21/4 ൽ 27.40 ആർസ്, 21/5 ൽ 29.30 ആർസ് ഉൾപ്പെടെ ആകെ 93.80 ആർസ് സ്ഥലം PMJVK പദ്ധതി പ്രകാരം മൾട്ടിപർപ്പസ് ഔട്ട്ഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന ആവശ്യത്തിന് പരിവർത്തപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

(1) സെക്രട്ടറി, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്, കലയന്താനി പി.ഒ., ആലക്കോട്- 685 588.
(2) ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
(3) ജില്ലാ കളക്ടർ, ഇടുക്കി.
(4) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
(5) പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, ഇടുക്കി.
(6) ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
(7) ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടി കൾച്ചർ,റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ (25), കുമരകം.
(8) കൃഷി ഓഫീസർ, കലയന്താനി പി.ഒ., ആലക്കോട്, ഇടുക്കി.
(9) വില്ലേജ് ഓഫീസർ,ആലക്കോട്, ഇടുക്കി.
(10) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
(11) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 22-06-2024 11:53:33

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2.കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.